പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4102 16/3/2017 ൽ മറുപടിക്ക്

**വളർത്തുമൃഗങ്ങളുടെ വിൽപ്പനശാലകൾക്ക് നിയന്ത്രണം**

ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി:**

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | എ) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 444,447 എന്നീ വ്യവസ്ഥകൾ പ്രകാരം വളർത്തു മൃഗങ്ങളുടെ വില്പന ശാലകൾ പ്രവർത്തിപ്പിക്കുന്നതിന് നഗരസഭയുടെ ലൈസൻസ് ആവശ്യമാണ്. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം പക്ഷി മൃഗാദികളെ വംശവർദ്ധനവിന് വേണ്ടി വളർത്തുന്നതിനും പരിപാലിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലൈസൻസ് നൽകി വരുന്നു. ടി ചട്ടങ്ങൾ പ്രകാരം കന്നുകാലികൾ, ആട്, പന്നി, മുയൽ പൗൾട്രി എന്നിവയെ വളർത്തുന്നതിനും വിൽപ്പന നടത്തുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വളർത്തു മൃഗങ്ങളെ വളർത്തുന്നതിനും വിൽപ്പന നടത്തുന്നതിനും നിലവിൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |
| ബി) | അടിസ്ഥാന സൗകര്യമില്ലാത്തതും ആരോഗ്യകരമല്ലാത്തതുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | ബി) | അടിസ്ഥാന സൗകര്യമില്ലാത്തതും ആരോഗ്യകരമല്ലാത്തതുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | രോഗം വന്നതും രോഗ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമായ മൃഗങ്ങളുടെ വിപണനം തടയുന്നതിന് സർക്കാർ എന്തെങ്കിലും നിയന്ത്രണ മേർപ്പെടുത്തിയിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) | ഈ രംഗത്തെ അനാരോഗ്യകരമായ പ്രവണതകൾ തടയുന്നതിനാവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നടപടി സ്വീകരിക്കുന്നതിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ